**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1592** **31-08-2022 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരഗ്രാമം പദ്ധതി നിലവിലുണ്ടോ; പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളാണ് നിലവിൽ ചെയ്തുവരുന്നത്; | (എ) | ഉണ്ട്. 2022-23 വർഷത്തിൽ 100 ഹെക്ടർ വിസതൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉല്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിന് പുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.<br><br>100 കേരഗ്രാമങ്ങളാണ് ഈ വർഷം നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്. 100 ഹെക്ടർ തെങ്ങുകൃഷി ഉള്ള പഞ്ചായത്തുകളും, കേരഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ താല്പര്യമുള്ള പഞ്ചായത്തുകളുടെയും ഇതുവരെ കേരഗ്രാമം പദ്ധതി നടപ്പിലാക്കാത്ത പഞ്ചായത്തുകളുടെ കരട് ലിസ്റ്റ് ജില്ലകൾ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പേരാമ്പ്ര മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത് എന്നറിയിക്കാമോ; | (ബി) | പേരാമ്പ്ര മണ്ഡലത്തിൽ നൊച്ചാട്, ചെറുവണ്ണൂർ, ചക്കിട്ടപാറ, ചങ്ങരോത്ത് എന്നീ ഗ്രാമപഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കി. |
| (സി) | പ്രസ്തുത പഞ്ചായത്തുകളിൽ പദ്ധതി | (സി) | 2015-16 ചക്കിട്ടപ്പാറ – 143,60,000/- രൂപ |

| | | | |
|---|---|---|---|
| | പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | | ചെലവഴിച്ച : പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2018-19 ചെറുവണ്ണൂർ (ഒന്നാം വർഷം, രണ്ടാം വർഷം & മൂന്നാം വർഷം) - 70,69,,089/- രൂപ ചിലവഴിച്ച : പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2018-19 നൊച്ചാട് (ഒന്നാം വർഷം, രണ്ടാം വർഷം & മൂന്നാം വർഷം) - 74,42,850/- രൂപ ചെലവഴിച്ച : പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2021-22 ചങ്ങരോത്ത് - 48,17,000 രൂപ ചെലവഴിച്ച : ഒന്നാം വർഷം പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2022-23 ചങ്ങരോത്ത് രണ്ടാം വർഷം കേരഗ്രാമം തുടങ്ങി. |
| (ഡി) | കീഴരിയൂർ പഞ്ചായത്തിലെ ഏതെങ്കിലും ഭാഗം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിരുന്നോ എന്ന് വിശദമാക്കാമോ? | (ഡി) | കീഴരിയൂർ പഞ്ചായത്തിൽ 2015-16 വർഷത്തിൽ 6,7,8,9 വാർഡുകളിലായി 50 ഹെക്ടർ സ്ഥലത്ത് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ